കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം മുഖേന സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി

5 (694) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2010-ൽ നിലവിൽ വന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമമനുസരിച്ച് 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിലേക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) സൗജന്യവിദ്യാഭ്യാസം നൽകുന്നതിന് സംസ്ഥാനത്തെ എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകൾ നാളിതുവരെ തെരഞ്ഞെടുത്തു ;

(ഡി) ഇതിലേക്ക് അയൽപക്ക വിദ്യാലയങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ 6 മുതൽ 14 വയസ്സുവരെയുള്ള എത്ര കുട്ടികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നാളിതുവരെ നൽകിവരുന്നത് ;

(എഫ്) 6 മുതൽ 14 വയസ്സുവരെയുള്ള എത്ര കുട്ടികൾക്കാണ് വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് സർക്കാരിന് ബാധ്യതയുണ്ടാവുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര വിദ്യാഭ്യാസ അവകാശം നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നിർത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു. റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ&എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly